എല്ലാ റേഷൻ കടകളുടെ ആധുനിക വത്കരണം

58 (5736) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി എല്ലാ റേഷൻ കടകളും ആധുനികവത്കരണമെന്ന ലക്ഷ്യം നേടുന്നതിനായി ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ ;

(ബി) ഈ രംഗത്ത് ഇനിയും എന്തൊക്കെ പരിഷ്ക്കാരങ്ങളാണ് നടപ്പിലാക്കാനുള്ളത് ;

(സി) പൊതു വിതരണ സമ്പ്രദായത്തിന്റെ സുതാര്യതയും വിതരണ സേവനവും ഉറപ്പുവരുത്തുന്നതിന് ബയോമെട്രിക് അധിഷ്ഠിതമായ ഇ.പി.ഡി.എസ്. നടപ്പിലാക്കുന്നതിന്റെ ഭാഗമായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ സംവിധാനം സംസ്ഥാനത്തുടനീളം പൂർണ്ണമായും നടപ്പിലാക്കുന്നതിന് ഇനിയും എന്തു സമയം വേണ്ടിവരുമെന്നാണ് കണക്കാക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തിലെ പതിനാലായിരത്തിൽപ്പരം റേഷൻ കടകൾ, കടഉടമകളുടെ പങ്കാളിത്തത്തോടെ ഘട്ടം ഘട്ടമായി നവീകരിക്കാൻ തീരുമാനിക്കുകയും 2008-09 വർഷത്തിൽ അതിനുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയ 15 ലക്ഷം രൂപ വിനിയോഗിച്ച് 270 റേഷൻ കടകൾ നവീകരിക്കുകയും ചെയ്തു. 2009-2010-ലെ ബഡ്ജറ്റിൽ വകയിരുത്തിയ 15 ലക്ഷം രൂപ വിനിയോഗിച്ച് കൊണ്ട്, 200 റേഷൻ കടകളുടെ നവീകരണം പൂർത്തിയാക്കിയിട്ടുണ്ട്. നടപ്പുവർഷവും ഇതിനായി 15 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 14,300 കടകളിലും ഇലക്ട്രോണിക് അളവ്-തൂക്ക സമ്പ്രദായം നടപ്പിലാക്കി. ഗുണനിലവാരവും അളവും തൂക്കത്തിലും ഉണ്ടായിരുന്ന പരാതികൾ അവസാനിപ്പിച്ചു. കേന്ദ്ര സർക്കാരിന്റെ സഹായം കൂടി ലഭ്യമായാൽ സംസ്ഥാനത്തുടനീളമുള്ള റേഷൻ കടകൾ കാലതാമസം കൂടാതെ നവീകരിക്കുന്നതിന് സാധിക്കുമെന്നതിനാൽ 50% കേന്ദ്ര സഹായം ലഭിക്കുന്നതിനായി 32 കോടി രൂപയുടെ ഒരു പദ്ധതി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി & സി) പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനായി ബയോമെട്രിക് അധിഷ്ഠിതമായ ഇ.പി.ഡി.എസ്. നടപ്പിലാക്കാനുള്ള നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്. ഇത് നടപ്പിലാക്കുന്നതിന്റെ ആദ്യഘട്ടമായി, തിരുവനന്തപുരം ജില്ലയിലെ ബി.പി.എൽ. കുടുംബങ്ങളെ ഈ പദ്ധതിയുടെ കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു. സെൻസസ് പ്രവർത്തനങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

ഭാഗമായി ശേഖരിച്ച കേരളത്തിലെ മത്സ്യബന്ധനമേഖലാ വില്ലേജുകളിലെ മത്സ്യത്തൊഴിലാളികളുടെ 'നാഷണൽ പോപ്പുലേഷൻ രജിസ്റ്റർ' ഡാറ്റാ ബേസ്, ബയോമെട്രിക് ഇ.പി.ഡി.എസ്സിനുവേണ്ടി ഉപയോഗിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ഇത് സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ പ്രാരംഭദിശയിലാണ്.

പുതിയ റേഷൻ കാർഡിന്റെ വിതരണം

59 (5737) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ റേഷൻ കാർഡ് ഉടമകളിൽ എത്ര പേർക്ക് പുതിയ കാർഡ് നൽകിയെന്ന് അറിയിക്കുമോ ?

ഉത്തരം

സംസ്ഥാനത്തെ റേഷൻ കാർഡ് ഉടമകളിൽ 68,69,404 പേർക്ക് റേഷൻ കാർഡ് പുതുക്കി നൽകിയിട്ടുണ്ട്.

വാഴൂർ കോളേജിനുസമീപം റേഷൻ കട ആരംഭിക്കാൻ നടപടി

60 (5738) പ്രൊഫ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഴൂർ കോളേജിനു സമീപം റേഷൻ കട ആരംഭിക്കണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച അനന്തര നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വാഴൂർ കോളേജിനുസമീപം റേഷൻ കട ആരംഭിക്കണമെന്ന നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) നിർദ്ദിഷ്ട സ്ഥലത്ത് നിശ്ചിത മാനദണ്ഡം അനുസരിച്ച് പുതിയ റേഷൻ കട തുടങ്ങാനുള്ള സാദ്ധ്യതകൾ അന്വേഷിച്ച് നിശ്ചിത പ്രൊഫോർമയിൽ റിപ്പോർട്ട് നൽകുന്നതിനായി അപേക്ഷ ചങ്ങനാശ്ശേരി താലൂക്ക് സപ്ലൈ ഓഫീസർക്ക് അയച്ചു കൊടുത്തിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly